# പ്രളയബാധിത പ്രദേശങ്ങളിലെ  വോളണ്ടിയർസിനുള്ള സഹായപുസ്തകം

## എന്ത് സഹായമാണ് ഞങ്ങൾക്ക് ആവശ്യം

http://keralarescue.in എന്ന വെബ്സൈറ്റ് അത്യാവശ്യ സഹായം ആവശ്യമുള്ളവരുടേയും രക്ഷപ്പെടുത്തൽ ആവശ്യമുള്ളവരുടേയും വിവരങ്ങൾ ശേഖരിച്ച് വരുന്നു. വോളണ്ടിയമാർ അതിലെ ആവശ്യങ്ങളുടെ ആധികാരികതയും മുൻഗണനയും  ഫോണിൽ വിളിച്ച ഉറപ്പ് വരുത്തണം. ആവശ്യം ആധികാരികമാണെന്ന് ഉറപ്പായാൽ ആ വിവരം അപ്പോൾ തന്നെ കേരള സർക്കാരുമായും ആ പ്രദേശത്തെ ലഭ്യമായ വോളണ്ടിയർമാരുമായും പങ്ക് വെയ്ക്കുന്നതാണ്.

## നിങ്ങൾക്ക് എങ്ങനെ സഹായിക്കാം

1. http://volunteers.keralarescue.in  എന്ന വെബ്സൈറ്റിൽ ചെന്ന് ഒരു വോളണ്ടിയർ അക്കൗണ്ട് ഉണ്ടാക്കുക
2. ഇപ്പോൾ ഉണ്ടാക്കിയ username മറ്റും password ഉപയോഗിച്ച് ലോഗിൻ ചെയ്യുക
3. ഇപ്പോൾ ലഭ്യമായ സ്ക്രീനിന്റെ ഇടതു വശത്തായി കാണുന്ന **Data ചിഹ്നത്തിൽ ക്ലിക്ക്** ചെയ്യുക, ഇതു നിങ്ങളെ http://volunteers.keralarescue.in/view/data പേജിലേക്ക് കൊണ്ട് പോകും.
4. ഇനി **ഇടത് വശത്ത് ഏറ്റവും പുതിയ റിക്വസ്റ്റുകൾ** കാണും,  അതിൽ ഏതെങ്കിലുമൊരു റിക്വസ്റ്റ് തിരഞ്ഞെടുത്ത് വലത് വശത്ത് കാണുന്ന്  **Edit**  ബട്ടൺ ക്ലിക്ക് ചെയ്യുക.
5. താഴ്ഭാഗത്തായി കാണുന്ന **Initial Call Note** ൽ നിന്ന്  അവരെ മുൻപ് വിളിക്കുകയോ മറ്റു വിവരങ്ങളോ ലഭ്യമാണോ എന്ന് പരിശോധിക്കുക.
6. വ്യക്തികളുമായി ഫോണിൽ ബന്ധപ്പെടാതെ ഒരു കാരണവശാലും  റിക്വസ്റ്റ്കളിൽ മാറ്റം വരുത്തകയോ ആവശ്യമില്ലാതെ റിക്വസ്റ്റുകൾ **ഡിലിറ്റ് ചെയ്യുകയോ അരുത്**.
7. വ്യകതിയുമായി ഫോണിൽ ബന്ധപ്പെട്ട് താഴെ കാണുന്ന് നിർദ്ദേശങ്ങൾ പ്രകാരം താഴ്ഭാഗത്ത് കാണുന്ന **Initial Call Note** ൽ **വിവരങ്ങൾ ചേർക്കുക**

| | |
|---|---|
| തന്നിരിക്കുന്ന വിവരം തെറ്റാണേങ്കിൽ | SPAM എന്ന്  അടയാളപ്പെടുത്തുക |
| വിളിച്ചിട്ട് കിട്ടുന്നില്ലെങ്കിൽ | Initial Call Note -ൽ വിളിച്ച തിയതി സമയം ( YYYY-MM-DD HH:MM രീതിയിൽ) എത്ര തവണ വിളിച്ചു എന്ന് രേഖപ്പെടുത്തുക. ഉദാഹരണത്തിന്,<br><br>“2018-08-18 15:56 / Call attempt number 3.” |
| തന്നിരിക്കുന നമ്പർ നിലവില്ലെങ്കിൽ | Initial Call Note -ൽ  Phone number is invalid എന്ന് രേഖപ്പെടുത്തുക. |
| വിളിക്കുന്ന വ്യക്തിയുടെ ഭാഷ മനസിലാവുന്നില്ലെങ്കിൽ | മലയാളത്തിൽ : “ഹിന്ദി \| തമിഴ് \| ഇംഗ്ലീഷ്  അറിയാമോ” എന്ന് ചോദിക്കുക.<br>തമിഴ്: “ഉങ്കളുക്ക് മലയാളം \| ഹിന്ദി തെറിയുമാ” എന്ന് ചോദിക്കുക.<br>ഹിന്ദി:  “ആപ്പ്ക്കോ മലയാളം \| തമിഴ് ആത്താ ഹേ “ എന്ന് ചോദിക്കുക.<br>Initial Call Note -ൽ അദ്ദേഹം പറയുന്ന ഭാഷ രേഖപ്പെടുത്തുക. |

8. റിക്വസ്റ്റ് സമർപ്പിച്ച വ്യക്തി **ആവശ്യപ്പെടുന്ന ഭാഷയിൽ നിങ്ങൾക്ക് സംസാരിക്കാൻ** കഴിയുമെങ്കിൽ
   a. http://keralarescue.in വെബ്സൈറ്റുമായി പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകനാണെന്ന് സ്വയം പരിചയെപ്പെടുത്തുക. വെബ്സൈറ്റിൽ നൽകിയ വിവരങ്ങൾ ഉറപ്പ് വരുത്തുവാനും അത് അധികൃതരുമായി പങ്ക് വെക്കാനുമാണെന്ന് അറിയിക്കുക.
   b. **ജില്ല, പേര്, സ്ഥലം, അഡ്രസ്** എന്നിവ ശരിയാണെന്ന് ഉറപ്പ് വരുത്തുക.
   c. കൂടുതൽ വ്യക്തവും തെറ്റുകൂടാത്തതുമായ വിവരങ്ങൾ ശേഖരിക്കുക.
      i. **എന്താണ് ആവശ്യം** : രക്ഷപ്പെടുത്തൽ | ഭക്ഷണം | വെള്ളം | വസ്ത്രം | മരുന്നുകൾ | പാത്രങ്ങൾ | മറ്റ് അവശ്യ വസ്തുക്കൾ ( എന്താണെന്ന് വ്യക്ത്മാക്കുക )
      ii. ആവശ്യപ്പെട്ട **വസ്തുക്കളുടെ എണ്ണം**, **എത്ര ദിവസത്തേക്കാണ്** ആവശ്യം, **രക്ഷാമാർഗങ്ങൾ** ഏതെങ്കിലും ഭാഗികമായോ പൂർണ്ണമായോ **മുടങ്ങി കിടക്കുകയണോ** മുതലായ വിവരങ്ങൾ ചോദിച്ചറിയ്യുക.
      iii. അവിടെ **അകപ്പെട്ട് കിടക്കുന്നവരെ** കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ചോദിക്കുക. ഉദാഹരണത്തിന്, ഗർഭിണികൾ, കുട്ടികൾ, മുതിർന്നവർ, രോഗികൾ, കൈകുഞ്ഞുങ്ങൾ മുതലായവരുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ.
      iv. **ലഭ്യമായ മറ്റു വിവരങ്ങൾ** : (എത്ര ദിവസം ക്യാമ്പുകളിൽ താമസിക്കേണ്ടി വരും മുതലായ വിവരങ്ങൾ)
9. ലഭ്യമായ വിവരങ്ങൾ ഒന്നു കൂടെ ഉറപ്പ് വരുത്തുക. “ഈ വിവരങ്ങൾ ബന്ധപ്പെട്ട അധികൃതരേയും പ്രവർത്തകരേയും എത്തിക്കും” മുതലായ ആശ്വാസവാക്കുകൾ പറയുക. ഒരു കാരണവശാലും അവരെ ഭീതിയിലാഴ്ത്തുന്ന ഒന്നും പറയരുത്.
10. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ കാണുന്ന മാർഗനിർദ്ദേശങ്ങൾ പ്രകാരം റിക്വസ്റ്റുകൾ **New | Urgent | Priority | Spam** എന്ന് തരം തിരിച്ച് അടയാളപ്പെടുത്തുക.

| Status | Description | Example |
|---|---|---|
| New | | |
| Priority | ആവശ്യത്തിന് മുൻഗണന നൽകണം | 2 ദിവസത്തേക്കുള്ള ഭക്ഷണം മാത്രമെ ലഭ്യമുള്ളു |
| Urgent | ഉടൻ നടപടി ആവശ്യമാണ് | ഗർഭിണി വീട്ടിൽ കുടുങ്ങി കിടക്കുന്നു. |
| Spam | തെറ്റായ അഡ്രസ്, ഫോൺ വിവരങ്ങൾ. ഡിലീറ്റ് ചെയ്യരുത്. | |

11. മറ്റു ലഭ്യമായ വിവരങ്ങൾ താഴ് ഭാഗത്ത് കാണുന്ന **Initial Call Notes** -ൽ ചേർക്കുക.
   a. **തിയതിയും സമയവും** YYYY-MM-DD HH:MM രീതിയിൽ ചേർക്കുക.
   b. **ഭാഷ** : മലയാളം | ഹിന്ദി | തമിഴ് | ഇംഗ്ലിഷ്
12. ഇടത് ഭാഗത്ത് മുകൾവശത്ത് കാണുന്ന **Under Review ക്ലിക്ക് ചെയ്ത് Published** ബട്ടൺ അമർത്തുക.
13. **മഞ്ഞ നിറത്തിലുള്ള SAVE ബട്ടൺ** ക്ലിക്ക് ചെയ്ത് request സേവ് ചെയ്യുക.
14. ഫോണിൽ ബന്ധപ്പെട്ട് വ്യക്തി അദ്ദേഹത്തിന്റെ 200 മീറ്റർ പരിധിയിലുള്ള ഇതുവരെ റിപ്പോർട്ട് ചെയ്യാത്ത request അറിയ്യിക്കുകയാണേങ്കിൽ ഒരു പുതിയ request തയ്യാറാക്കുക.


Open a case "Data"
Reachable Phone number
Yes
Verify Data (See Manual)
Mark options available (Need food, etc.)
Make a note "Initial Call Note"
Select Published
Save
No
Make a note "Initial call note": I can't get through. Date and hour phone call
Save
No phone number available
Make a note "Initial call note": unable to verify
Save
Data is obviously junk
Mark as a Spam
Save